പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3112 18.10.2016-ൽ മറുപടിയ്ക്ക്

## ദേശീയ അന്തർദേശീയ കായിക ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ദേശീയ അന്തർദേശീയ കായിക ഇനങ്ങളിൽ മെഡൽ നേടിയ സംസ്ഥാന കായികതാരങ്ങൾക്ക് സർക്കാർ വാഗ്ദാനം ചെയ്ത സമ്മാന തുക നൽകാനുള്ളത് ആർക്കെല്ലാമാണ് ; തുകയുടെ വിശദാംശങ്ങൾ നൽകുമോ ; | (എ), (ബി) & (സി) | 03/03/2015 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(Rt)No.31/15/S&YA പ്രകാരം 35-ാം ദേശീയ ഗെയിംസിൽ മെഡൽ നേടിയ കായികതാരങ്ങൾക്കും അവരുടെ പരിശീലകർക്കും, ടീം മാനേജർക്കും സർക്കാർ പ്രഖ്യാപിച്ച പ്രത്യേക ക്യാഷ് അവാർഡ് 7,91,00,000/- രൂപ 2015 മാർച്ച് 7-ാം തീയതി കോട്ടയത്തു വച്ച് വിതരണം ചെയ്യുകയുണ്ടായി.<br><br>കൂടാതെ, 31-ാമത് റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത 11 കേരളീയ കായികതാരങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 3,00,000/- രൂപ വീതമുള്ള പ്രത്യേക ക്യാഷ് അവാർഡ് 2016 സെപ്തംബർ 9-ാം തീയതി തിരുവനന്തപുരത്തുവച്ച് വിതരണം ചെയ്യുകയുണ്ടായി. |
| (ബി) | സമ്മാനത്തുക വാഗ്ദാനം ചെയ്തത് എന്നാണെന്നും നാളിതുവരെ തുക നൽകാതിരുന്നതിന്റെ കാരണങ്ങളും വിശദമാക്കുമോ ; | | |
| (സി) | പ്രസ്തുത തുക വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ